പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 766 | 02.12.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേറ്റ് അഡ്മിഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | 2013-ൽ സർവ്വീസ് ക്വാട്ടയിൽ (അലോപ്പതി) മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേഷന് അഡ്മിഷൻ ലഭിച്ച ആരോഗ്യവകുപ്പ് ഡോക്ടർമാരിൽ ഡെപ്യൂട്ടേഷൻ അനുവദിക്കുവാനുള്ള അപേക്ഷകൾ എത്ര പേരിൽ നിന്നും ലഭിച്ചു; ഇതിൽ എത്ര പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചു; | എ) | 30 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ എല്ലാപേർക്കും ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | ബി) | ഡെപ്യൂട്ടേഷൻ സംബന്ധിച്ച് സർക്കാർ തലത്തിൽ പുനഃപരിശോധന ആവശ്യമായി വന്നതിനാലാണ് കാലതാമസം ഉണ്ടായത്. |
| സി) | മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേറ്റ് അഡ്മിഷന് ഡെപ്യൂട്ടേഷൻ അനുവദിക്കപ്പെട്ട ആൾ തുടർന്നും ട്യൂഷൻ ഫീസ് നല്കേണ്ടതുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | സി) | ഡെപ്യൂട്ടേഷൻ അനുവദിക്കപ്പെട്ട ആൾ തുടർന്നും ട്യൂഷൻ ഫീസ് നല്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ